**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

.....................................

**നക്ഷത്ര ചിഹ്നമിടാത്ത** 23.08.2017 - ൽ മറുപടിക്ക്.

**ചോദ്യം നമ്പർ : 3729**

## കോട്ടയ്ക്കൽ കേന്ദ്രമാക്കി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് രൂപീകരണം

..............................

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | **ശ്രീ. എ. സി. മൊയ്തീൻ (വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ മന്ത്രി).** |
| (എ) കോട്ടയ്ക്കൽ കേന്ദ്രമാക്കി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് രൂപീകരിക്കുവാൻ എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; | (എ) : ഇല്ല. |
| (ബി) ഇവിടുത്തെ വ്യവസായ വികസനവുമായി ബന്ധപ്പെട്ട് ജില്ലാ വ്യവസായ കേന്ദ്രം എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) : ഇല്ല. വ്യവസായ വകുപ്പിന്റെ നിലവിലുള്ള പദ്ധതികൾ ജില്ലയിൽ എല്ലായിടത്തും ഒരുപോലെ നടപ്പിലാക്കി വരുന്നു. |
| (സി) കോട്ടയ്ക്കൽ നഗരസഭ ചെയർമാൻ എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) : ഉണ്ടായിരുന്നു. കോട്ടയ്ക്കൽ നഗരസഭയുടെ 74 സെന്റ് സ്ഥലത്ത് എക്സിബിഷൻ കം കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിന് ഒരു പ്രൊപ്പോസൽ നഗരസഭ 2013-ൽ നൽകിയിരുന്നു. പിന്നീട് ഇവിടെ ഒരു ബഹുനില സമുച്ചയം പണിയുന്നതിന് തീരുമാനമെടുത്തു. എന്നാൽ നഗരസഭ ഈ പദ്ധതികൾ ഉപേക്ഷിക്കുകയാണ് ഉണ്ടായത്. |
| (ഡി) വ്യവസായ വികസനത്തിനുവേണ്ടി സമഗ്രമായ പദ്ധതി തയ്യാറാക്കുവാൻ വകുപ്പിന് നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | (ഡി) : പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.

ജക/19/08